കുഞ്ഞാഞ്ഞയും മറ്റ് അഞ്ചു സഹോദരിമാരുമാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ.

അറുനൂറ്റിമംഗലം സെന്റ് ആന്റണീസ് എൽ.പി. എസ്., ഞീഴൂർ വിശ്വഭാരതി യു.പി.എസ്., പെരുവ ഗവ. ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അഭിവന്ദ്യ പിതാവിന്റെ വളരെ ചെറുപ്പത്തിൽ തന്നെ ഉള്ളിൽ ഉദിച്ച ആഗ്രഹമായിരുന്നു, ഒരു നല്ല വൈദികൻ ആകുക എന്നത്. അമ്മച്ചിയുടെ പ്രാർത്ഥനാ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷവും, ചെറുപുഷ്പമിഷൻ ലീഗ് സംഘടനാ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ദൈവവിളിക്ക് ഏറെ പ്രചോദനവും പ്രേരണയും ആയിരുന്നു.

1974-ൽ ആസ്സാമിൽ ദിബ്രുഗാർ എന്ന സ്ഥലത്തുള്ള സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ച മാർ ജെയിംസ് 1986 ജനുവരി 12-ാം തീയതി വൈദികനായി. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള ഇദ്ദേഹത്തിന് റോമിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്.

പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിച്ച ബിഷപ്പ് തോപ്പിൽ ദിമാപൂർ ഗുഡ് ഷെപ്പേർഡ് സെമിനാരി ഡീൻ, ദിമാപൂർ ഹോളി ക്രോസ് സ്കൂൾ പ്രിൻസിപ്പൽ, ഓറിയൻസ് തിയോളജിക്കൽ കോളേജ് ഡീൻ ആൻഡ് രജിസ്ട്രാർ, ഷില്ലോങ്ങ് ഓറിയൻസ് റെക്ടർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ആറു പുസ്തകങ്ങളും 20-ൽ പരം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് തന്റെ രൂപതയെപ്പറ്റി വലിയ സ്വപ്നങ്ങളുണ്ട്.


പൗരോഹിത്യ ധർമ്മ നിർവ്വഹണത്തിൽ വളരെയധികം കൃത്യതയുള്ള ഇദ്ദേഹത്തിന്റെ ആപ്തവാക്യം, "എല്ലാ ശുശ്രൂഷകളും സുവിശേഷ പ്രഘോഷണത്തിനുവേണ്ടി" (1 കൊറി. 9/23) എന്നതാണ്. 18 ഗോത്രക്കാർ അടങ്ങുന്ന നാഗാലാൻഡിലെ ജനങ്ങളുടെ ആദ്ധ്യാത്മികവും, ഭൗതികവും, സാംസ്കാരികവുമായ ജീവിതരംഗങ്ങളിലേക്ക് കടന്നുചെല്ലാൻ തീക്ഷ്ണതയോടെ ആഗ്രഹിക്കുന്ന വ്യക്തിയാണ് അഭിവന്ദ്യ തോപ്പിൽ പിതാവ്. ദൈവസ്നേഹം നിറഞ്ഞുനില്ക്കുന്ന നല്ല ഇടയനാണ് അദ്ദേഹം. വിശ്വാസപ്രഘോഷണം സജീവമായി നടത്തുന്നതിനോടൊപ്പം, വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും ഏറെ ശ്രദ്ധചെലുത്തുവാൻ ആഗ്രഹിക്കുന്നു. വളരെ ചലനാത്മകമായ ഒരു മിഷൻ പ്രവർത്തനം ആഗ്രഹിക്കുന്ന വ്യക്തി എന്ന നിലയിൽ രൂപതയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ വലുതാണ്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും വൈദികരെയും, അല്മായരെയും, സന്ന്യസ്തരെയും ഏകോപിപ്പിച്ച് പൊതുവായ കാഴ്ചപ്പാടും മിഷൻ ദൗത്യവുമുള്ള സഭാസംവിധാനം അദ്ദേഹം ആഗ്രഹിക്കുന്നു. വിശ്വാസ പ്രഘോഷണത്തോടൊപ്പം മൂല്യാധിഷ്ഠിത ജീവിതമാതൃകയിലൂടെ കത്തോലിക്കാ വിശ്വാസികൾ വേറിട്ടൊരു മാതൃക കാണിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്.

വീട്ടുകാർക്കും നാട്ടുകാർക്കും, കൊഹിമ രൂപതയ്ക്കും, സാർവ്വത്രിക സഭയ്ക്കും പ്രിയപ്പെട്ട ചാക്കോച്ചന്റെ ജീവിതം അനുഗ്രഹദായകമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**-റവ. ഡോ. തോമസ് ആദോപ്പിള്ളിൽ**

# ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ

## കരുണാർദ്ര സ്നേഹത്തിന്റെ ആൾരൂപം



കോട്ടയം ജില്ലയിലെ പ്രകൃതിരമണീയമായ ഗ്രാമമാണ് നീണ്ടൂർ. ദൈവവിശ്വാസവും വിദ്യാസമ്പത്തും കുലീനത്വവും ധനസമൃദ്ധിയും ഒത്തിണങ്ങിയ പല തറവാടുകളും ഈ ഗ്രാമത്തിന് ശക്തിയും ആശ്വാസവുമായിരുന്നു. അക്കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ തറവാടാണ് പൂതത്തിൽ തറവാട്. ദൈവകടാക്ഷം നിറഞ്ഞുനിൽക്കുന്നിടം.

പൂതം എന്ന പദത്തിന്റെ അർത്ഥം പരിശുദ്ധം എന്നാണ്. ഇവിടുത്തെ കാരണവന്മാരെല്ലാം ദാനശീലത്തിലും സമുദായഭിമാനത്തിലും ദീനാനുകമ്പയിലും പേരെടുത്തവരായിരുന്നു. അവരിൽ ഏറ്റവും ജനസമ്മതനായിരുന്നു പൂതത്തിൽ ഇട്ടിക്കുരുവിള തരകൻ. തിരുവിതാംകൂർ മുഴുവൻ അറിയപ്പെട്ടിരുന്ന ഒരു വാണിജ്യശ്രേഷ്ഠൻ. അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന രാമ

വർമ്മ മഹാരാജാവിൽ നിന്ന് തരകസ്ഥാനം ലഭിച്ച് ഇട്ടിക്കുരുവിള തരകൻ എന്ന പേരിൽ പ്രസിദ്ധനായിത്തിരുകയും ചെയ്തു.

ഇട്ടിക്കുരുവിള തരകന്റെ ദീനാനുകമ്പ പ്രസിദ്ധമാണ്. കൊലയ്ക്ക് വിധിക്കപ്പെട്ട 42 ജയിൽപ്പുള്ളികളെ മോചിപ്പിക്കാൻ ഇദ്ദേഹത്തിന്റെ സ്വാധീനശക്തി കാരണമായി. ഒരാൾക്ക് 1001 പൊൻപണം ഖജനാവിൽ അടച്ചാണ് അദ്ദേഹം ഇവരെ ജയിൽ വിമുക്തരാക്കിയത്. തരകൻ മതപരമായ കാര്യങ്ങളിലും ശ്രദ്ധേയനായിരുന്നു.

പൂതത്തിൽ രണ്ടാം തരകന്റെ അഞ്ചാം തലമുറക്കാരനാണ് തൊമ്മിയച്ചൻ. മാക്കീൽ യൗസേപ്പു കത്തനാർ, മോൺ. ജോസഫ് മാക്കീൽ, മാക്കീൽ മാർ മത്തായി മെത്രാൻ, ലൂക്കാ കത്തനാർ തുടങ്ങിയവർ പൂതത്തിൽ തറവാടിന്റെ അഭിമാന ഭാജനങ്ങളാണ്.

## ജനനവും ബാല്യവും

1871 ഒക്ടോബർ 24-ന് ഇട്ടിക്കുഞ്ഞ് നൈത്തി ദമ്പതികൾക്ക് 7 മക്കളിൽ ദ്വിതീയ പുത്രനായി പൂതതറവാട്ടിൽ തൊമ്മിക്കുഞ്ഞ് ജനിച്ചു. ജന്മഗൃഹം എന്നറിയപ്പെടുന്നത് തച്ചേട്ട് കുടുംബമാണ്. കൊച്ചോക്കൻ, കുഞ്ഞേപ്പ്, മത്തായി, കൊച്ചീര്യം, ഇട്ടിക്കുരുവിള, പാച്ചി എന്നിവർ സഹോദരങ്ങളാണ്. തൊമ്മിക്കുഞ്ഞ് തന്റെ വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത് കളരിയിലായിരുന്നു. പഠനത്തിൽ അതിസമർത്ഥനായ അദ്ദേഹം ഉപരിപഠനം നടത്തിയത് തൃശ്ശിനാപ്പള്ളിൽ ഈശോ സഭാ വൈദികർ നടത്തിയിരുന്ന കലാലയത്തിലാണ്.

തൊമ്മിക്കുഞ്ഞു ചെറുപ്പത്തിൽ തന്നെ ക്രിസ്തുനാഥനിൽ ആകൃഷ്ടനായി. ക്രൂശിതരൂപത്തിനു മുമ്പിൽ നിറമിഴികളോടെ പ്രാർത്ഥിക്കുമായിരുന്നു. പൂതത്തിൽ തറവാടിന്റെ തറവാട് സ്വത്ത് അതായത് ദീനദയാലുത്വം ചെറുപ്പത്തിലേ സ്വായത്തമാക്കിയ അദ്ദേഹത്തിന്, യാചകർ, നിത്യരോഗികൾ, നിരാലംബർ എന്നിവരോട് ഒരു പ്രത്യേക സ്നേഹവും പരിഗണനയും ഉണ്ടായിരുന്നു. ഇപ്രകാരം ജന്മസിദ്ധമായിരുന്ന ആദ്ധ്യാത്മിക വീക്ഷണത്തിന് കൂടുതൽ ദൃഢത പകർന്ന് നൽകിയത് ഈശോ സഭാ വൈദികരായിരുന്നു. ശരിയായ അടിത്തറ മനസ്സിൽ പണിതുയർത്തിയ അദ്ദേഹം തന്റെ ഹൃദയത്തിലെ കരുണാർദ്ര സ്നേഹം മുഴുവൻ യേശുനാഥനിലർപ്പിക്കാൻ ആഗ്രഹിച്ച് വൈദികനാകാൻ തീരുമാനിച്ചു.

## സെമിനാരി ജീവിതം

ദീനാനുകമ്പയുടെയും ആതുരശുശ്രൂഷയുടെയും സാമൂഹ്യസേവനത്തിന്റെയും ക്രൈസ്തവികമാനം ആഴത്തിൽ വേരുറച്ചപ്പോൾ തൊമ്മിക്കുഞ്ഞ് സെമിനാരിയിൽ ചേർന്നു. കുടുംബത്തിൽ നിന്നും സ്കൂളിൽ നിന്നും ലഭിച്ച ശിക്ഷണം ദൈവവിളി സ്വീകരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. 1887 സെപ്റ്റംബർ 21-ന് വൈദീക പഠനത്തിനായി വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു. പഠനത്തിലെന്നപോലെ സ്വഭാവത്തിലും ആത്മവിശുദ്ധിയിലും അദ്ദേഹം ഒന്നാമനായിരുന്നു. വിധേയത്വവും പ്രാർത്ഥനയും കാര്യശേഷിയും നല്ല പെരുമാറ്റവും ഏവരുടേയും ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റാൻ കാരണമായി. 1897 ജനുവരി 24-ന് ഡീക്കൻപട്ടവും ആ വർഷം തന്നെ ഡിസംബർ 28-ന് 9 ശെമ്മാശന്മാരോടു കൂടി അഭിവന്ദ്യ മാക്കീൽ മാർ മത്തായി മെത്രാനിൽ നിന്ന് തിരുപ്പട്ടവും സ്വീകരിച്ചു.

## സെമിനാരി പ്രൊഫസർ

1898-ൽ പെന്തക്കുസ്താ തിരുനാളിൽ തൊമ്മിയച്ചൻ പുത്തൻപള്ളി സെമിനാരിയിൽ പ്രൊഫസറായി. സുറിയാനി സംഗീതവും ലത്തീൻ ഭാഷയുമായിരുന്നു പഠിപ്പിച്ചിരുന്നത്. സുറിയാനി, ലാറ്റിൻ, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ തൊമ്മിയച്ചന് തികഞ്ഞ പാണ്ഡിത്യം ഉണ്ടായിരുന്നു. അവിടെവച്ച് അദ്ദേഹം 'സമർപ്പിതചേതസ്' എന്ന പേരെടുത്തിരുന്നു. അദ്ദേഹം മാതൃകാ അദ്ധ്യാപകനും മാതൃകാ വൈദികനുമായിരുന്നു.

## തൊമ്മിയച്ചൻ ഇടവക ശുശ്രൂഷയിൽ

1900-ാം മാണ്ടിൽ അദ്ധ്യാപനവൃത്തിയിൽ നിന്നും വിരമിച്ച് ഇടവക ഭരണത്തിൽ പ്രവേശിച്ചു. കുമരകം വള്ളാറ പുത്തൻ പള്ളി, ഉഴവൂർ, കിടങ്ങൂർ, കുറുമുള്ളൂർ, നീഴൂർ, ചാമക്കാല എന്നീ പള്ളികളിൽ വികാരിയായിരുന്നു. സംഗീതത്തിലും പ്രാഗത്ഭ്യമുള്ള അച്ചനെ ഇടവക ജനങ്ങൾക്ക് നന്നേ ഇഷ്ടപ്പെട്ടു. അദ്ദേഹം പ്രവർത്തിച്ച എല്ലാ ഇടവകകളിലും സവിശേഷമായ വ്യക്തിമുദ്ര പതിപ്പിച്ചു എന്നതിന്റെ തെളിവാണ് അച്ചന് സ്ഥലം മാറ്റമാണെന്നറിഞ്ഞ കിടങ്ങൂർ ഇടവക പ്രതിനിധികൾ 69 പേർ ചേർന്ന് ഒപ്പിട്ട് അഭിവന്ദ്യ പിതാവിന് സമർപ്പിച്ച നിവേദനം.

## ഉത്തമ പുരോഹിതൻ

പുരോഹിതനാര് എന്ന ചോദ്യത്തിന് വിശുദ്ധ ഗ്രന്ഥം നൽകുന്ന മറുപടി ഇപ്രകാരമാണ്. ദൈവിക കാര്യങ്ങൾക്കായി പവിത്രീകരിച്ച് മാറ്റപ്പെട്ടവനും, ദൈവിക സാന്നിധ്യത്തിൽ അഥവാ നിഴലിൽ നടക്കുന്നവനും പാപപരിഹാർത്ഥം ബലികളും കാഴ്ചകളും അർപ്പിക്കുവാനുമായി അഭിഷേകം ചെയ്ത് മാറ്റി നിർത്തപ്പെട്ടവനാണ് പുരോഹിതൻ (ഹെബ്രാ. 5:1) ഇപ്രകാരം കർത്താവിനാൽ അഭിഷേകം ചെയ്യപ്പെട്ട പുരോഹിതനായ അഹറോനെ പ്രഭാഷകന്റെ പുസ്തകം 45-ാം അദ്ധ്യായം 12-ാം വാക്യത്തിൽ കാണാം. പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ യേശു ജനിച്ചുവെങ്കിൽ പുത്രനായ യേശുവിന്റെ ഹിതം നിറവേറ്റാൻ വിളിക്കപ്പെട്ടവനാണ് ഓരോ പുരോഹിതനും. ഇപ്രകാരം തന്റെ കടമകളും കർത്തവ്യങ്ങളും, ദൈവിക വെളിപ്പെടുത്തലുകളോട് ചേർത്തുവച്ച ശ്രേഷ്ഠപുരോഹിതനാണ് ദൈവദാസൻ തൊമ്മിച്ചൻ.

## സമർപ്പിതമായ അജപാലകൻ

അഗതികൾക്കായി തന്റെ ജീവിതം സമർപ്പിച്ച തൊമ്മിയച്ചനിൽ ത്യാഗസന്നദ്ധത, താപസജീവിതം, ആത്മനിഗ്രഹം, പ്രാർത്ഥനാചൈതന്യം എന്നിവ നിറഞ്ഞു നിന്നിരുന്നു. ഒരു വൈദികൻ എന്ന നിലയിൽ എപ്പോഴും ദൈവഹിതം ആയിരി

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

ക്കട്ടെ നിങ്ങളുടെ നിക്ഷേപം (പ്രഭാ. 26:12) എന്ന തിരുവചനം അദ്ദേഹം തന്റെ ജീവിതത്തിൽ പകർത്തിയിരുന്നു. ഈ ദാനശീലം ഇന്നും തന്റെ ഇളം തലമുറക്കാർ ജീവിതത്തിൽ നിലനിർത്തിക്കൊണ്ട് പോകുന്നതിൽ നമുക്ക് ദൈവത്തിന് നന്ദി പറയാം. സ്വന്തം ജീവിതവിശുദ്ധികൊണ്ടും സുകൃതപരിവേഷം കൊണ്ടും പൗരോഹിത്യത്തിന്റെകാന്തിയും മൂല്യവും വർദ്ധിപ്പിച്ച് എക്കാലവും പൗരോഹിത്യത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിച്ച ഉത്തമ പുരോഹിതനായിരുന്നു തൊമ്മിയച്ചൻ.

### സുവിശേഷ പ്രഘോഷകനായ തൊമ്മിയച്ചൻ

പ്രാർത്ഥനയും ധ്യാനവും വഴി ദൈവത്തോട് ഐക്യപ്പെട്ട് ദൈവവചനപ്രഘോഷണത്തിനായും ആത്മാക്കളുടെ മോചനത്തിനായും അനവരതം പ്രവർത്തിച്ച പുരോഹിതനായിരുന്നു തൊമ്മിയച്ചൻ. പാണ്ഡിത്യവും വാഗ്മിത്വവും നർമബോധവും ഒന്നു ചേർന്നപ്പോൾ അത് അദ്ദേഹത്തെ നലം തികഞ്ഞ ഒരു സുവിശേഷ പ്രഘോഷകനാക്കി മാറ്റി. സവിശേഷമായ ഗ്രന്ഥപാരായണമാണ് അദ്ദേഹത്തെ ഇത്ര മഹാപണ്ഡിതനും കിടയറ്റ വാഗ്മിയുമാക്കി മാറ്റിയത്. നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക എന്ന ക്രിസ്തുനാഥന്റെ ദിവ്യവചനം അധരത്തിലും ഹൃദയത്തിലും ഏറ്റു വാങ്ങി ജീവിച്ചവനാണ് ദൈവദാസൻ തൊമ്മിയച്ചൻ.

### സാമൂഹ്യസേവകൻ

സാമൂഹ്യസേവനങ്ങളുടെ ജാതിമതഭേദമെന്യേ ഏവരുടെയും സ്നേഹാദരങ്ങൾക്കു അദ്ദേഹം പാത്രമായിരുന്നു. റോഡു വെട്ടിക്കുക, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുക എന്നിങ്ങനെ ജനക്ഷേമകരങ്ങളായ പലതും അദ്ദേഹം വികാരിയായിരുന്ന എല്ലാ ഇടവകകളിലും ചെയ്തിട്ടുണ്ട്.

### വിദ്യാഭ്യാസപ്രവർത്തനങ്ങൾ

ഭാരതത്തിലെ ഏറ്റവും സാക്ഷരതയുള്ള കേരളം വിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത് ക്രൈസ്തവസഭകളോടാണ്. വിദ്യാഭ്യാസപ്രവർത്തനത്തിന് കോട്ടയം രൂപത എക്കാലവും മുൻപന്തിയിൽ തന്നെയായിരുന്നു. ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത ശരിക്കും ബോധ്യപ്പെട്ടു അതിനായി ജീവിതാവസാനം വരെ പ്രവർത്തിച്ച ധിഷണശാലിയിരുന്നു പൂതത്തിൽ തൊമ്മിയച്ചൻ. വിദ്യാഭ്യാസ വിചക്ഷണനും ക്രാന്തദർശിയുമായിരുന്നു അദ്ദേഹം.

വിദ്യാലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ തൊമ്മിയച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. ഉന്നതസ്ഥാനീയരെ നേരിൽ കണ്ട് കാര്യങ്ങൾ സാധിച്ചെടുക്കാൻ പ്രത്യേകം പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. തിരുവിതാംകൂർ ദിവാൻജി ശ്രീ രാജഗോപാലാചാരിയെ നേരിൽ കണ്ട് കാര്യങ്ങൾ നേടിയത് ശ്രദ്ധേയമാണ്. ഒരു എൻജിനീയറുടെ ബുദ്ധികൂർമ്മതയും പ്ലാനും അച്ചനുണ്ടായിരുന്നു. നലം തികഞ്ഞ എഴുത്തുകാരനും ഭാഷാഗവേഷകനുമായ ജി.സി. ടീലാർ അച്ചന്റെ അഭിപ്രായത്തിൽ 21-ാം നൂറ്റാണ്ടിന്റെ തല കഴുത്തിൽ വച്ചുകൊണ്ടാണ് 20-ാം നൂറ്റാണ്ടിൽ പൂതത്തിലച്ചൻ ജീവിച്ചത്.

### സെന്റ് തോമസ് അസൈലം

വിശ്വമഹാകവി രവിന്ദ്രനാഥടാഗോറിന്റെ അഭിപ്രായത്തിൽ സമ്പൂർണ്ണമായൊരു സദാചാര പദ്ധതി ലോകത്തിന് പ്രദാനം ചെയ്ത ആദ്യത്തെ മനുഷ്യൻ ശ്രീബുദ്ധനാണ്. കാരണം കർമ്മയോഗസിദ്ധാന്തം പൂർണ്ണമായും അനുഷ്ഠാനത്തിൽ വരുത്തിയ അദ്ദേഹം തന്റെ തത്വസംഹിതകൾ ലോകത്തിന് മീതേ വെച്ചുവെങ്കിലും അതിനു മീതേ നിൽകുന്നത് കരുണയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രമാണങ്ങളാണ്. ഇപ്രകാരം കർമ്മയോഗവും ദൈവയോഗവും പ്രമാണമാക്കിയ മറ്റൊരു മഹത്വ്യക്തിയാണ് ദൈവദാസൻ തൊമ്മിയച്ചൻ. സ്നേഹത്തിന്റെ മൂർത്തിഭാവമാണ് കരുണ. ചുറ്റുമുള്ളവരിൽ, പ്രത്യേകിച്ച് അവശരിൽ ദൈവത്തെ ദർശിച്ച ഈ മഹാത്മാവ് സ്നേഹത്തിന്റെ മൂർത്തിഭാവമാണ്. വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 40-ാം വാക്യത്തിൽ എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത് എന്ന സുവിശേഷസത്യത്തിൻമേൽ അടയിരുന്ന് വിരിയിച്ചെടുത്തതാണ് സെന്റ് തോമസ് അസൈലം.

സെന്റ് തോമസ് അസൈലത്തിന്റെ സ്ഥാപനത്തെപ്പറ്റി ചരിത്രം നൽകുന്നത് ഇപ്രകാരമാണ്. 1908-ൽ തൊമ്മിയച്ചൻ കൈപ്പുഴയിലെ മഠത്തിന്റെ ചാപ്ലയിനും സ്കൂൾ മാനേജരുമായിരുന്ന കാലത്ത്, കുമരകംകാരനായ ഒരാൾ അംഗവൈകല്യമുള്ള തന്റെ മകളെ മഠത്തിൽ ചേർക്കുന്നതിനായി കൊണ്ടുവന്നു. പ്രസ്തുത മഠത്തിൽ അംഗവിഹീനരെ സ്വീകരിക്കുകയില്ല എന്ന വിവരം അച്ചൻ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും അടർന്ന് വീണ കണ്ണുനീർ മുത്തുകൾ ദീനദയാലുവായ തൊമ്മിയച്ചന്റെ ഹൃദയത്തിൽ നീറ്റലുണ്ടാക്കി. ഈ സംഭവം തൊമ്മിയച്ചനെ ആഴത്തിൽ ചിന്തിപ്പിച്ചു. വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ മാക്കീൽ പിതാവുമായി അദ്ദേഹം തന്റെ ചിന്തകൾ ചർച്ച ചെയ്തു. തന്റെ അനന്തരവനിൽ അതിരറ്റ വിശ്വാസമുണ്ടായിരുന്നതിനാൽ പിതാവിന് ഈ വാർത്ത സന്തോഷകരമായിരുന്നു. അങ്ങനെ തൊമ്മിയച്ചനിലെ സ്നേഹപ്രവാഹം ജീവകാരുണ്യ സ്ഥാപനങ്ങളുടെ രൂപീകരണത്തിന് നിദാനമായിവർത്തിച്ചു. അതിന്റെ ഫലമായി 1925 മെയ് 3-ാം തീയതി സെന്റ് തോമസ് അസൈലം സ്ഥാപിതമായി. ആഗ്രഹമല്ലാതെ മറ്റൊന്നും കൈമുതലായി ഇല്ലാതിരുന്ന തൊമ്മിയച്ചൻ തന്റെ ലക്ഷ്യപ്രാപ്തിക്കായി പിരിവുകൾ നടത്തി. ഈ അവസരത്തിൽ തന്റെ ജീവിതത്തിലെ കടുത്ത അഗ്നിപരീക്ഷണങ്ങൾക്ക് അദ്ദേഹം വിധേയനായിത്തീരുകയും ചെയ്തു. തൊമ്മിയച്ചനെ സംബന്ധിച്ചിടത്തോളം ജീവിതം ശ്രമമാണ്; വിശ്രമം മരണമാണ്.

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

### സെന്റ് ജോസഫ്സ് കന്യകാസമൂഹം

സമൂഹത്തിലെ ദരിദ്രരോടും നിന്ദിതരോടും അവഗണിക്കപ്പെടുന്നവരോടും പ്രത്യേക സ്നേഹം കാട്ടിയ ഈശോയുടെ ശിഷ്യസമൂഹമാണ് സഭയെങ്കിൽ, സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് തീർത്തും അവഗണിക്കപ്പെട്ടവർക്കുവേണ്ടിയാണ്. ഈ സത്യം ഹൃദയത്തിൽ ഏറ്റുവാങ്ങിയ പുണ്യപുരുഷനായിരുന്നു തൊമ്മിയച്ചൻ. അഗതികളുടെയും, സമൂഹം തള്ളിക്കളഞ്ഞവരുടെയും ആലംബമായിരുന്ന അദ്ദേഹത്തിന്, തന്റെ ജീവകരുണ്യ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിന് ഒരു സന്യാസസമൂഹത്തിന്റെ ആവശ്യകത കൂടിയേ തീരുവെന്ന് ബോധ്യമായി. ഈ ലക്ഷ്യം മുന്നിൽ കണ്ട് താൻ നടത്തിയ വിദേശപര്യടനത്തിൽ അനുകരണീയമായി തോന്നിയ സന്യാസ സമൂഹമാണ് ടാർബസിലെ സെന്റ് ജോസഫ് സമൂഹം. താൻ നട്ടുവളർത്തിയ സെന്റ് തോമസ് അസൈലം സംരക്ഷിച്ചു കൊണ്ടുപോകുന്നതിനായി 1928 ജൂലൈ 3-ന് സെന്റ് ജോസഫിൻ സഭക്കൂട്ടം സ്ഥാപിച്ചു. അങ്ങനെ തന്റെ ജീവിത സ്വപ്നം രണ്ട് ദീപനാളങ്ങളായി ജ്വലിച്ചു. ഇന്നും ഫലം ചൂടി നിൽക്കുന്ന സെന്റ് ജോസഫ് കന്യകാസമൂഹം അഗതികൾക്കും അശരണർക്കും കരുണയുടെ കരസ്പർശം നൽകുന്ന ഭവനമായി മാറിയിരിക്കുന്നു. പ്രഭാഷകന്റെ പുസ്തകം 27-ാം അദ്ധ്യായം 6-ാം വാക്യം ഇങ്ങനെ പറയുന്നു: "വൃക്ഷത്തിന്റെ ഫലത്തിൽ നിന്ന് കർഷകന്റെ സാമർത്ഥ്യം വെളിവാക്കുന്നു". ദിനരാത്രങ്ങൾ ദിവ്യകാരുണ്യത്തിനു മുൻപിൽ, ദിവ്യവചനത്തിനു മുൻപിൽ ഉപാസകനായി മാറ്റി, കാലത്തിന്റെ ഋതുഭേദങ്ങൾ വായിച്ചറിഞ്ഞ ക്രാന്തദർശി തന്റെ ദർശനങ്ങളും ബോധ്യങ്ങളും ആഴത്തിൽ തന്റെ മക്കൾക്ക് പറഞ്ഞു കൊടുത്ത മഹാപണ്ഡിതൻ ഇന്നും ജീവസുറ്റതാകുന്നു.

### ആദ്ധ്യാത്മയോഗി

ദൈവം അനർഗ്ഗളം വർഷിച്ച അഗാധവും അപരിമിതവുമായ സ്നേഹത്തിന്റെ അനുഭവമായിരുന്നു ദൈവദാസൻ തൊമ്മിയച്ചന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറ. ക്രിസ്തുവിലൂടെ തന്റെ ആത്മാവിലേയ്ക്ക് വർഷിക്കപ്പെട്ട ദൈവസ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും (എഫേ.3:18) അദ്ദേഹം നിരന്തരമായ പ്രാർത്ഥനയിലൂടെയും വ്യക്തിപരമായ മനന ധ്യാനങ്ങളിലൂടെയും അനുഭവിച്ചറിഞ്ഞു. തന്നെ സ്നേഹിക്കുകയും തനിക്കായി സ്വയം അർപ്പിക്കുകയും ചെയ്ത (ഗലാ.2:20) ക്രിസ്തുവിനെക്കുറിച്ചുള്ള ആഴമേറിയ ജ്ഞാനവും അവിടുത്തോടുള്ള സമ്പൂർണ്ണമായ ഐക്യവും അനുദിനം ഉപര്യുപരി ദൃഢീകരിക്കുന്നതിനുള്ള നിമിത്തവും നിദാനവുമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയും ആദ്ധ്യാത്മിക ജീവിതവും. പിതാവായ ദൈവം ക്രിസ്തുവിലൂടെ തന്റെമേൽ വർഷിച്ച സ്നേഹാരൂപിയുടെ സ്പന്ദനങ്ങൾ ആത്മാവിന്റെ അന്തരാളത്തിൽ രുചിച്ചറിഞ്ഞ അദ്ദേഹം അനുപമവും അമേയവുമായ ആ സ്നേഹത്തെ സ്വഹൃദയത്തിൽ സ്തുതിച്ചും ആരാധിച്ചും ദിനരാത്രങ്ങൾതന്നെ കഴിച്ചുകൂട്ടി. വർണ്ണനാതീതമായ ഈ സ്നേഹത്തിന്റെ മൂർത്തിമദ്ഭാവവും അതിന് യേശു മനുഷ്യരൂപത്തിൽ അർപ്പിച്ച സ്തുതിയുടെയും പ്രതിനിന്ദയുടെയും പ്രത്യക്ഷവത്കരണവും ആയിരുന്നു അദ്ദേഹത്തിനു ദിവ്യകാരുണ്യമെന്ന ദൈവസ്നേഹാമൃതരഹസ്യം.

രണ്ടാം വത്തിക്കാനിൽ കൗൺസിൽ വിഭാവനം ചെയ്ത സാമൂഹ്യസേവനവും അഗതിശുശ്രൂഷയും വർഷങ്ങൾക്കുമുമ്പേ പ്രവൃത്തിപഥത്തിലാക്കിയ ശ്രേഷ്ഠവൈദികനാണ് ദൈവദാസൻ തൊമ്മിയച്ചൻ. സുവിശേഷത്തിലെ നല്ലയിടയനെപ്പോലെ തന്റെ അജഗണത്തെ നിസ്വാർത്ഥമായി സ്നേഹിച്ചവൻ. അച്ചനെക്കുറിച്ച് ഇങ്ങനെ പറയാം: "Always new and always dynamic" ഇതിനോട് ചേർത്ത് വയ്ക്കാവുന്ന ഒരു ചൈനീസ് പഴമൊഴി, നിങ്ങൾ അല്പകാലത്തേയ്ക്ക് ഫലങ്ങൾ ആഗ്രഹിക്കുന്നുവോ സസ്യങ്ങൾ വച്ച് പിടിപ്പിക്കുക. ഏറെക്കാലത്തേക്ക് ഫലങ്ങൾ ആഗ്രഹിക്കുന്നുവോ മരങ്ങൾ വച്ചു പിടിപ്പിക്കുക. നിത്യകാലത്തേയ്ക്ക് ഫലങ്ങൾ ഇച്ഛിക്കുന്നുവോ മക്കളെ വിനയം പഠിപ്പിക്കുക. വിനയം കൊണ്ട് വിജ്ഞനായ സ്ഥാപകപിതാവ് തന്റെ മക്കളെ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയാൻ പഠിപ്പിച്ചതിന്റെ ഫലം ഇന്നും സെന്റ് ജോസഫ് മക്കൾക്ക് സമൂഹം അവഗണിച്ചവരുടെയിടയിലേയ്ക്ക് ഇറങ്ങി ചെല്ലാൻ സാധിക്കുന്നു.

**റവ. ഡോ. സി. ദീപാ എസ്.ജെ.സി.**

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

